milma®

Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

MRU:M:SP:2023-24:139 31.05.2023

## വീഡിയോ റീൽസ് മത്സരം:

## മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും

ജൂൺ - 1, ഇത്തവണത്തെ ലോക ക്ഷീര ദിനാഘോഷത്തിന്റെ ഭാഗമായി മിൽമ മലബാർ മേഖലാ യൂണിയൻ ഒരു **വീഡിയോ റീൽസ് മത്സരം** സംഘടിപ്പിക്കുന്നു.

**മത്സരം!!!**

**"ക്ഷീര മേഖലയോടൊപ്പം ആഘോഷിക്കൂ"** എന്ന ലോക ക്ഷീര ദിനത്തിന്റെ മുദ്രാവാക്യത്തെ ആസ്പദമാക്കി 30 സെക്കന്റ് മുതൽ ഒരു മിനിറ്റ് വരെ ദൈർഘ്യമുള്ള മൊബൈലിലോ, ക്യാമറയിലോ പകർത്തിയ വീഡിയോ റീൽസ് ആവിഷ്കാരമാണ് മത്സരത്തിനായി പരിഗണിക്കുക. വ്യക്തികൾക്കും, ഗ്രൂപ്പായും (പരമാവധി 3 പേർ) മത്സരത്തിൽ പങ്കെടുക്കാം. ആകർഷകമായ സംഗീതവും, എഡിറ്റിങ്ങും റീൽസിൽ നൽകേണ്ടതാണ്.

**ആർക്കൊക്കെ പങ്കെടുക്കാം?**

ക്ഷീരകർഷകർ, ക്ഷീരസംഘം ജീവനക്കാർ, മിൽമ ഉപഭോക്താക്കൾ, ഡീലർമാർ, ഡീലർമാരുടെ ജീവനക്കാർ, മിൽമ വാഹന ജീവനക്കാർ, മിൽമ ജീവനക്കാർ, ക്ഷീരവികസനവകുപ്പ് ജീവനക്കാർ, ഡെയറി സയൻസ് വിദ്യാർത്ഥികൾ എന്നിവർക്ക് പങ്കെടുക്കാം.

**എങ്ങനെ പങ്കെടുക്കാം?**

മേൽ വിഷയത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന 30 സെക്കന്റ് മുതൽ ഒരു മിനിറ്റ് വരെ ദൈർഘ്യമുള്ള വീഡിയോ റീൽസ് **9048983724** എന്ന വാട്സ്ആപ്പ് നമ്പറിൽ, മത്സരാർത്ഥി/ മത്സരിക്കുന്ന ടീമിന്റെ ലീഡറുടെ ആധാർകാർഡ് സഹിതം **20.06.2023** വൈകുന്നേരം 5 മണിക്കകം ലഭിക്കത്തക്ക രീതിയിൽ അയക്കേണ്ടതാണ്. ആധാർ കാർഡ് സഹിതമല്ലാതെ അയക്കുന്നതും, നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്നതും ആയ എൻട്രികൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.

**സമ്മാനം!!!**

സർഗ്ഗാത്മകത, മൗലികത, *ക്ഷീര മേഖലയോടൊപ്പം ആഘോഷിക്കൂ* എന്ന വിഷയവുമായുള്ള താദാത്മ്യം, ഓഡിയോ വിഷ്വൽ ഗുണമേന്മ, മൊത്തത്തിലുള്ള ഗുണമേന്മ, തുടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും സാങ്കേതിക കലാ വിദഗ്ദ്ധരടങ്ങുന്ന ജൂറി, എൻട്രികൾ വിലയിരുത്തുന്നത്.

20.06.2023 വൈകുന്നേരം 5 മണിക്കകം ലഭിക്കുന്ന വീഡിയോ റീൽസിൽ നിന്നും ജില്ലാ അടിസ്ഥാനത്തിൽ (മലബാർ മേഖലയിലെ 6 ജില്ലകളിൽ) മികച്ച എൻട്രികളിൽ നിന്ന് 3 എൻട്രികൾ വീതം തിരഞ്ഞെടുത്ത് സമുചിതമായ ചടങ്ങിൽ വച്ച് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്. മലബാർ മേഖലയ്ക്ക് പുറത്തു നിന്ന് ലഭിക്കുന്ന വീഡിയോ റീലുകൾ ഒറ്റ ഗ്രൂപ്പായി പരിഗണിച്ച് മികച്ച എൻട്രികളിൽ നിന്ന് ആറ് സമ്മാനങ്ങൾ ഈ ഗ്രൂപ്പിൽ മത്സരിച്ചവർക്ക് നൽകുന്നതാണ്. ആധാർ കാർഡിലെ ജില്ലയായിരിക്കും മത്സരാർത്ഥിയുടെ ജില്ലയായി പരിഗണിക്കുക.

കൂടുതൽ വിവരങ്ങൾക്ക് 9496839729 എന്ന നമ്പറിലോ, artwork@malabarmilma.coop എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

31/5/23

മാനേജിംഗ് ഡയറക്ടർ i/c

No. D 89 (D) Calicut

Website: www.malabarmilma.com • E-mail: mrcmpu@malabarmilma.coop • Phone: 0495-2800612

GST:32AAAAM1011G2ZH • PAN : AAAAM1011G • Toll Free No: 1800 889 0230

DAIRIES at: • Palakkad • Kozhikode • Kannur • Kasaragod • Wayanad • North Beypore (CPD) • Sreekandapuram (MDS)